# INDIAN SCHOOL SOHAR
## FINAL EXAM (2018-19)
## MALAYALAM

No.of printed pages: 3

**CLASS: IX** | **MAX.MARKS: 80**

**DATE: 07/03/2019** | **DURATION: 3 Hours**

**General instructions**

- Please check that this question paper contains 3 printed pages.
- Please check that this question paper contains 4 sections
- Write down the serial number of the question before attempting it.
- The question paper is divided into four sections:-

Section A: Reading Comprehension 10 marks
Section B: Writing 16 marks
Section C: Grammar 17 marks
Section D: Literature 37 mark

**എ വിഭാഗം**

1. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (10)

വേദസംസ്കാരം ഉടലെടുക്കുന്നതിനു മുൻപ് തന്നെ ഭാരതത്തിൽ വൃക്ഷരാധന നിലനിന്നിരുന്നു. നമ്മെയും പ്രകൃതിയെയും ഭൂമിയെതന്നെയും സംരക്ഷിച്ച് കുടപിടിച്ചു നിൽക്കുന്ന വൃക്ഷങ്ങൾക്ക് ആദിമകാലം മുതൽക്കു തന്നെ ഏറെ പ്രാധാന്യം കല്പ്പിക്കപ്പെട്ടിരുന്നു. ഇതിഹാസ കർത്താവായ വേദവ്യാസൻറെ പിതാവ് പരാശരമഹർഷി രചിച്ച വൃക്ഷായുർവേദ ഗ്രന്ഥത്തിൽ പത്ത്പുത്രന്മാർക്കു തുല്യമാണ് ഒരു വൃക്ഷം എന്ന് പറയുന്നുണ്ട്. വൃക്ഷങ്ങൾക്കും സസ്യങ്ങൾക്കും ദൈവിക പരിവേഷവും അതുമൂലം അവയെ സംരക്ഷിക്കുന്നവർക്ക് സമ്പദ് സമൃദ്ധിയും വന്നുചേരുമെന്നുള്ള വിശ്വാസപ്രമാണം ആർഷഭാരതത്തിൻറെ മുദ്രകളാണ്. പുരാതന റോമൻ - ഗ്രീക്ക് പുരാണങ്ങളിൽ മരങ്ങളെ ദൈവങ്ങളുടെ വാസസ്ഥലമായും ഒളിമ്പിക് ദേവതകളുടെ കീഴിൽ വരുന്ന അമാനുഷ ശക്തിയായും കാണുന്നു. ബൈബിളിലാകട്ടെ അത്തിമരം , കുന്തിരിക്ക മരം , മീറ , ഇലവംഗം തുടങ്ങിയവയെ പ്രാധാന്യത്തോടെ പരാമർശിക്കുന്നു. ലോകത്ത് ആകമാനമുള്ള ബുദ്ധമതവിശ്വാസികളുടെ പ്രധാന സ്ഥലമായ ശ്രീലങ്കയിലെ അനുരാധപുരത്ത് മഹാബോധി എന്നാ ആൽമരം വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഗൗതമബുദ്ധൻ നിർവാണം പ്രാപിച്ചയിടത്തെ ബോധിവൃക്ഷത്തിൽ നിന്നുള്ള തൈയാണ് ഇതെന്നാണ് വിശ്വാസം. അശോക ചക്രവർത്തിയുടെ മകൾ സംഘമിത്രയാണ് ഈ തൈ ഇന്ത്യയിൽ നിന്നും ശ്രീലങ്കയിൽ എത്തിച്ചതെന്ന് കരുതപ്പെടുന്നു.

ഒരു മരത്തിൻറെ ശാഖകൾ ആകാശത്തോളം ഉയരുകയും അവയുടെ വേര് ഭൂമിയുടെ അടിയിലേക്ക് ആഴത്തിൽ കടന്നു ചെല്ലുകയും ചെയ്യുമ്പോൾ ആ മരം സ്വർഗം , ഭൂമി , പാതാളം എന്നീ മൂന്നു ലോകത്തെയും പ്രതിനിധീകരിക്കുന്നു. മൂന്നു ലോകത്തായി ഒരേ സമയം അത് വസിക്കുന്നു. ഓരോ വൃക്ഷങ്ങളും വീടിനു ചുറ്റും എവിടെയൊക്കെ വച്ച് പിടിപ്പിക്കണം എന്നതിനെപ്പറ്റി നമ്മുടെ പൂർവികർക്ക് നിശ്ചയമുണ്ടായിരുന്നു. അസ്ഥാനത്ത് വച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങൾ ഗുണത്തെക്കാളേറെ ദോഷങ്ങൾ സൃഷ്ടിക്കുമെന്നും അവർ വിശ്വസിച്ചു. മുത്തച്ഛൻമാർ മക്കളെയും കൊച്ചുമക്കളെയും കൊണ്ട് വൃക്ഷത്തൈകൾ കുഴിച്ചു വപ്പിച്ചിരുന്നത് മഹത്തായ ഈ പാരമ്പര്യത്തി ൻറെ കൈമാറ്റവും വൃക്ഷസ്നേഹം അവരിൽ വളർത്തുന്നതിനും വേണ്ടിയായിരുന്നു.

a). വൃക്ഷായുർവേദം രചിച്ചതാര്? അതിൽ പരാമർശിച്ചിരിക്കുന്നതെന്ത്?

b) മൂന്നു ലോകങ്ങളിലും ഒരേ സമയം വസിക്കുന്നവരാണ് വൃക്ഷങ്ങൾ എന്നതിന് തെളിവെന്ത്?

c). ബൈബിളിൽ സൂചിപ്പിക്കപ്പെടുന്ന വൃക്ഷങ്ങൾ ഏതെല്ലാം?

d) വൃക്ഷസ്നേഹം വളർത്തുന്നതിനു വേണ്ടി മുത്തച്ഛൻമാർ ചെയ്തിരുന്നതെന്ത്?

e) ബോധിവൃക്ഷത്തിൻറെ തൈ വച്ചുപിടിപ്പിച്ചിരിക്കുന്നത് എവിടെ? ആരാണ് അത് അവിടെ എത്തിച്ചത്?

**ബി വിഭാഗം**

2. ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക ( 8 )

a) ജനപ്പെരുപ്പം – രാജ്യം നേരിടുന്ന വെല്ലുവിളികൾ

b) പാശ്ചാത്യ സംസ്കാരത്തിൻറെ കടന്നു കയറ്റം മലയാളിയിൽ വരുത്തിയ മാറ്റങ്ങൾ

c) വന സംരക്ഷണത്തിൻറെ ആവശ്യകത

3. നിങ്ങളുടെ പ്രദേശത്ത് പുതിയതായി ആരംഭിക്കുന്ന മദ്യവില്പനശാലക്ക് അനുമതി നൽകരുതെന്ന് അപേക്ഷിച്ചുകൊണ്ട് ജില്ലാകലക്ടർക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക ( 8 )

## സി വിഭാഗം

4. പ്രയോഗം മാറ്റുക ( 2 )

a) എൻറെ നദിയെ അവർ വെറുമൊരു മാർഗതടസ്സമായി മാത്രം പരിഗണിച്ചു.

b) സംഭവങ്ങളായിത്തീർന്ന് കഥയായി മാറുന്ന സ്തോഭങ്ങളാണ് കവിയാൽ അവതരിപ്പിക്കപ്പെടുന്നത്.

5. അംഗ – അംഗി വാക്യങ്ങൾ വേർതിരിച്ചെഴുതുക ( 2 )

a) ചീവീടുകളുടെ കർക്കശവും നിശിതവുമായ സ്വരങ്ങളോടെ ഭൂഗർഭകവിയായി വൈലോപ്പിള്ളി മറഞ്ഞിരിക്കുന്നു.

b) ശാന്തമ്മ എങ്ങലോടെ വാതിൽക്കൽ വന്ന് വെളിയിലേക്ക് നോക്കി നിന്നു.

6. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക ( 2 )

a) തോണിയുടെ കൊമ്പിലെക്കുതന്നെ ദൃഷ്ടിയുറപ്പിച്ചു നോക്കിക്കൊണ്ട് സമചിത്തതയോടെ ബലത്ത കരങ്ങളാൽ അയാൾ തുഴഞ്ഞുകൊണ്ടേയിരുന്നു.

b) ആ നീണ്ട ദീർഘയാത്രയിൽ എന്നോടൊപ്പം ഉണ്ടായിരുന്നത് വിലപിടിച്ച കുറെ പുസ്തകങ്ങളും കിടക്കയുമായിരുന്നു.

7. പര്യായപദങ്ങൾ എഴുതുക ( 2 )

a) ഭൂമി

b) നിലാവ്

8. പദം പിരിച്ച് സന്ധിയെഴുതുക ( 2 )

a) അന്തിയായാൽ

b) ജന്മങ്ങൾ

9. വിഗ്രഹിച്ച് സമാസം എഴുതുക ( 2 )

a) നിരൂപക ദൃഷ്ടി

b) ദീർഘ നിശ്വാസം

10. നാനാർത്ഥം എഴുതുക ( 2 )

a) ദീനൻ

b) നാൾ

11. വിപരീത പദം എഴുതുക ( 1 )

a) നിർജീവം ( ജീവം , സജീവം , ദുർജീവം )

b) ഉപകാരം ( അപകാരം , നിരുപകാരം , ഉപദ്രവം )

12. അർത്ഥവ്യത്യാസമെഴുതുക ( 1 )

a) കർമ്മം – കൂർമ്മം ( ക്രമം , ആമ , പ്രകാശം , പ്രവൃത്തി )

b) നേരം – നാരം ( നന്മ , സമയം , നാശം , ജലം )

13. എതിർലിംഗം എഴുതുക ( 1 )

a) ധീരൻ ( ധീര , ധീരി , ധീരണി )

b) പുണ്യവാൻ ( പുണ്യത്തി , പുണ്യ , പുണ്യവതി )

## ഡി വിഭാഗം

14. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക ( 5 )

a) പ്രാചീന കവിത്രയത്തിൽ പെടാത്ത കവി ആര്?
( ഉള്ളൂർ , ചെറുശ്ശേരി , എഴുത്തച്ഛൻ )

b) ലോകാതിശായിയായ നാലിതൾപ്പൂവ് ആദ്യം വിരിയിച്ചതാര്?
( പള്ളിക്കൂടത്തിലെ തോട്ടക്കാരൻ , കുട്ടൻ , കാട്ടാളൻ )

c) കാളകൾ എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തതാണ്?
( ഒരിക്കൽ കൂടി , ഓർക്കുക വല്ലപ്പോഴും , ഒറ്റക്കമ്പിയുള്ള തംബുരു )

d) പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളോരാമ്പൽ ചെമ്മേ "- തൂനിലാവിനു തുല്യമായ പുഞ്ചിരി ആരുടേത്?
( അക്രൂരൻറെ , ശ്രീകൃഷ്ണൻറെ , ആമ്പലിൻറെ )



e) പഴകിയ ഓർമകളെ എന്തിനോടാണ് എൻ.എൻ. കക്കാട് ഉപമിച്ചിരിക്കുന്നത്?
( വിറയ്ക്കുന്ന ഏകാന്ത താരകൾ , നിലാവ് , തെരുവുവിളക്കുകൾ )

'f) 'കണ്ണൊണ്ടോ നിങ്ങടെ മൊഖത്ത് ? കൊച്ചിപ്പം വെള്ളം കുടിച്ചു ചത്തേനല്ലോ ' – ശങ്കരൻകുട്ടിയുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്? (
കുട്ടിയോടുള്ള സ്നേഹം , ഉത്തരവാദിത്ത്വ ബോധം , ധീരത )

g) ഗോപി നാട്ടിലേക്ക് വന്നതിൻറെ പ്രധാന ലക്ഷ്യം എന്തായിരുന്നു?
( അമ്മയെ കാണാൻ , ജോലിയുമായി ബന്ധപ്പെട്ട് , സ്വത്തിൻറെ ഓഹരി ചോദിക്കാൻ )

h) വൈലോപ്പിള്ളിക്കവിതയിൽ ഏറിയിരിക്കുന്നതെന്ത് ?
( പ്രബോധകത്വം , സ്തോഭം , കാല്പനികത )

i) ആയിരം ശബ്ദങ്ങൾ ഒന്നിച്ചു ചേർന്നാൽ അത് എന്തിൻറെ ശബ്ദം ആണ്?
( നദിയുടെ , ഓങ്കാരം , കാലത്തിൻറെ )

'j) ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്.' – ഇങ്ങനെ പറഞ്ഞതാര്?
( രാം ഗോപാൽ മിശ്ര , നിത്യചൈതന്യയതി , കർത്താർ സിംഗ് )

15. ഉത്തരമെഴുതുക

a) കാഴ്ചയുടെയും കേൾവിയുടെയും എന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിലെത്തുന്ന അക്രൂരനെ വരവേൽക്കുന്നത്? ( 4 )

b) 'വിളക്ക് കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കെ
ദീനത്വമെന്തിനു നമുക്ക് മാത്രം
തീക്കൊലുരക്കാൻ?തിരിയിൽ കൊളുത്താൻ? " – പ്രകൃതിയിൽ നിന്നും ജീവിതപാഠങ്ങൾ ഉൾക്കൊള്ളണമെന്ന് കവി നമ്മെ ഓർമ്മപ്പെടുത്തുകയാണോ? സ്വാഭിപ്രായം എഴുതുക ( 4 )

c) 'വരിക സഖിയരികത്തു ചേർന്ന് നിൽക്കൂ;
പഴയൊരു മന്ത്രം സ്മരിക്ക , നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം
ഹാ , സഫലമീ യാത്ര.'- ദാമ്പത്യ ബന്ധത്തിൻറെ സഫലതയാണ് ' സഫലമീ യാത്ര' എന്ന കവിത --- സമർത്ഥിക്കുക ( 4 )

d) 'കുടുംബ ബന്ധങ്ങളിൽ ഊന്നിക്കൊണ്ടുള്ള മനുഷ്യാവസ്ഥകളാണ് മാധവിക്കുട്ടി വിശകലനം ചെയ്തത്. ' കീറിപ്പൊളിഞ്ഞ ചകലാസ് ' എന്ന കഥയിലെ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി വിവരിക്കുക ( 4 )

'e) 'ബോംബെ പട്ടണത്തിലെ ഒരു ടാക്സി ഡ്രൈവർ ഇമ്മാനുവേൽ കാൻറിൻറെ പുസ്തകത്തിലെ ഉദ്ധരണി തെറ്റുകൂടാതെ പറയുന്നത് കേട്ട് ഞങ്ങൾ അന്തം വിട്ടുപോയി ' – സന്ദർഭം വിശദീകരിച്ച് ടാക്സി ഡ്രൈവറുടെ സ്വഭാവ സവിശേഷതകൾ വിവരിക്കുക ( 4 )

f) വൈലോപ്പിള്ളിക്കവിതകളുടെ പ്രത്യേകതകളായി എം. എൻ. വിജയൻ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം ? ( 4 )

16. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 8 )

a) ബിലേയുടെ ദാനശീലം , കുസൃതി എന്നിവയെപ്പറ്റി കുറിപ്പ് തയ്യാറാക്കുക

b) ' സാധാരണക്കാരനായ സന്യാസിമാരിൽ നിന്നും തികച്ചും വ്യത്യസ്തനായിരുന്നു നരേന്ദ്രൻ ' - വേഷം , ഭക്ഷണരീതി , പെരുമാറ്റം ഇവയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക

c) " ഒരു നിമിഷത്തേക്കെങ്കിലും ഗുരുവിൻറെ മഹത്വത്തിൽ സന്ദേഹത്തിൻറെ കരിനിഴൽ പരത്തിയല്ലോ " – ഗുരുവിൻറെ അവസാന നാളുകളിൽ നരേന്ദ്രൻ ഇങ്ങനെ പശ്ചാത്തപിച്ചത് എന്തുകൊണ്ട്?

******************************************

3

3